(ബി) നിലവിലെ വ്യവസ്ഥകൾ അനുസരിച്ച ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 4-ഉം, മുനിസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം കോർപ്പറേഷനുകളിൽ ജനസംഖ്യാനുപാതത്തിനനുസരിച്ച് അതാത് കോർപ്പറേഷനുകൾ ആവശ്യപ്പെടുന്ന തനുസരിച്ചാണ് പുതിയ അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകിവരുന്നത്. എന്നാൽ രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി 2 കിലോ മീറ്ററിൽ കൂടുതൽ ആയിരിക്കണം. മേൽ വിവരിച്ച വ്യവസ്ഥകൾക്ക് വിധേയമായി അക്ഷയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിവരുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.*

കണ്ടറ ടെക്നോപാർക്ക്

306 (655) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടറ ടെക്നോ പാർക്കിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ;

(ബി) കണ്ടറ ടെക്നോപാർക്കിന്റെ എത്രത്തോളം പ്രവൃത്തികൾ പൂർത്തിയാ ക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാർ വന്നതിനുശേഷം കണ്ടറ ടെക്നോപാർക്കിന്റെ എത്ര ഘട്ടങ്ങൾ പൂർത്തിയായിക്കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നബാർഡിൽ നിന്നുമെടുത്ത വായ്പ മടക്കി നൽകുന്നതിനായി 2011-12-ൽ Rs. 13,21,14,000 രൂപയും, 2012-13-ൽ Rs. 12,52,06,000 രൂപയും ബഡ്ജറ്റിൽ നിന്നും അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ₹ 2,00,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 1. ആദ്യ ഘട്ടമായ 1,00,000 Sq.ft. വിസ്തീർണ്ണമുള്ള അഷ്ടമുടി IT building ന്റെ നിർമ്മാണം.

2. 11 ലക്ഷം സ്റ്റോറേജ് കപ്പാസിറ്റിയുള്ള വാട്ടർ ടാങ്കും പമ്പ് ഹൗസും

3. 0.3 MLD കപ്പാസിറ്റിയുള്ള Sewage Treatment Plant-ന്റെ നിർമ്മാണം.

4 1.5 Km നീളമുള്ള Interior road.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. 110 KV Substation

6. ചിറ്റമലയിൽ നിന്നും വെള്ളം കൊണ്ടു വരാനായുള്ള ഒരു ജലവിതരണ സംഭരണ പദ്ധതി, അതിനനുബന്ധമായ Water Treatment Plant.

7. Kollam- ക്രിസ്തുരാജ് ജംഗ്ഷനിൽ നിന്നും ടെക്നോപാർക്കിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം.

8. ഒന്നാം നിലയിൽ പൂർണ്ണമായും ഫർണിഷ് ചെയ്ത് സജ്ജമാക്കിയിരിക്കുന്ന (Plug & Play Ready to occupy-SBCs) 9 Business ഓഫീസുകൾ.

(സി) ആദ്യഘട്ടം പൂർത്തിയായിക്കഴിഞ്ഞു.

കണ്ണറ ടെക്നോ ലോഡ്ജിന്റെ പ്രവർത്തനം

307 (656) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണറ ടെക്നോ ലോഡ്ജിന്റെ പ്രവർത്തനത്തിനായി എന്തെങ്കിലും പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണറ ടെക്നോ ലോഡ്ജിന്റെ പ്രവർത്തന പുരോഗതിക്കായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) Rayz Integrated Solutions എന്ന സ്ഥാപനത്തിനെ കണ്ണറ ടെക്നോ ലോഡ്ജിലേക്ക് കൊണ്ടുവരികയും പ്രവർത്തനരഹിതമായി കിടക്കുകയായിരുന്ന കണ്ണറ ടെക്നോ ലോഡ്ജിൽ പ്രസ്തുത കമ്പനിക്ക് പ്രവർത്തനാനുമതി നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. ഏപ്രിൽ 2015-ഓടെ കണ്ണറ ടെക്നോ ലോഡ്ജ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സൈബർ പാർക്ക്, ഇൻഫോ പാർക്ക്, ടെക്നോ പാർക്ക് എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം

308 (657) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈബർ പാർക്ക്, ഇൻഫോ പാർക്ക്, ടെക്നോ പാർക്ക് എന്നിവയുടെ അടിസ്ഥാന സൗകര്യവികസനത്തിനും സ്ഥലം ഏറ്റെടുക്കലിനും വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ; ചെലവഴിച്ച തുക എത്ര ; വകയിരുത്തിയതിന്റെ എത്ര ശതമാനം ചെലവഴിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly